(ബി) കഴിഞ്ഞ 4 വർഷക്കാലയളവിൽ പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ നീക്കിവച്ച തുക എത്ര; വിനിയോഗിച്ച തുകയുടെയും ട്രഷറിയിൽ നിന്ന് പിൻവലിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ബഡ്ജറ്റ് തുകയ്ക്ക് പുറമേ പ്രസ്തുത പദ്ധതിക്കായി പ്രത്യേക ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ എത്ര തുക അനുവദിച്ചു ; വിശദമാക്കാമോ;

(ഡി) പദ്ധതിയുടെ അവലോകന റിപ്പോർട്ട് ലഭ്യമാക്കാമോ?

ഉത്തരം

(എ) നിറവ് പദ്ധതി നടപ്പാക്കുവാൻ കേരളത്തിലെ 86 നിയോജക മണ്ഡലങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. അവയുടെ പേര് വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) നിറവ് പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. കൃഷി വകുപ്പിന്റെ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി നിറവ് മണ്ഡലങ്ങളിലെ പദ്ധതികൾ വിജയകരമായി നടപ്പിലാക്കിവരുന്നു.

(സി) ധനപുനർവിനിയോഗം വഴി തുക ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവെങ്കിലും അപ്രകാരം തുക ലഭിച്ചിട്ടില്ല.

(ഡി) നിറവ് പദ്ധതിയുടെ നടത്തിപ്പ് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ആകയാൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നത് ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലുമാണ്. എന്നാൽ മണലൂർ, ചാത്തന്നൂർ, കൊടുങ്ങല്ലൂർ, ചിറയിൻകീഴ്, കൊയിലാണ്ടി എന്നീ മണ്ഡലങ്ങളുടെ അവലോകനം കൃഷി മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. അവയുടെ അവലോകന റിപ്പോർട്ടുകൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. *

കർഷക സേവന കേന്ദ്രങ്ങൾ

141 (3345) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. അജിത് :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക സേവന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എത്രയെണ്ണം; പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കർഷക കേന്ദ്രങ്ങളിൽ എന്തെങ്കിലും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 49 ബ്ലോക്കുകളിൽ കർഷക സേവന കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

1. കൃഷി ലാഭകരമാക്കുന്നതിന് അവശ്യം വേണ്ട തൊഴിലാളികൾ, നടീൽ വസ്തുക്കൾ, മെഷിനറികൾ, വളങ്ങൾ, ജൈവകീടനാശിനികൾ എന്നിവ ഒരേ കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുന്നു.

2. തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.

3. മണ്ണ് പരിശോധന, രോഗ കീടം എന്നിവയുടെ നിർണ്ണയം നടത്തി പരിഹാര നടപടികൾ സ്വീകരിക്കുന്നതിൽ സഹായിക്കുന്നു.

4. ട്രാക്ടർ, തെങ്ങ് കയറ്റ യന്ത്രം, വീഡ് കട്ടർ, പവർ സ്പ്രേയർ ഡ്രൈയർ, പമ്പ് സെറ്റ്, പവർ ടില്ലർ തുടങ്ങിയ യന്ത്രോപകരണങ്ങൾ ഈ സേവന കേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇവ ന്യായമായ വാടകക്ക് ലഭ്യമാക്കുകയും കർഷകരുടെ യന്ത്ര സാമഗ്രികൾ റിപ്പയർ ചെയ്ത് കൊടുക്കുകയും ചെയ്യുന്നു.

5. അഗ്രോ സർവ്വീസ് സെന്റർ വഴി വിവിധ കാർഷികവൃത്തികളായ നിലമൊരുക്കൽ, ഞാറ്റടി തയ്യാറാക്കൽ, കാട് വെട്ടൽ, മരുന്ന് തളി, വിളവെടുപ്പ് എന്നിവയിൽ തൊഴിലാളികളുടെ സേവനം ലഭ്യമാണ്.

(ബി) മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുള്ള അഗ്രോ സർവ്വീസ് കേന്ദ്രങ്ങളിൽ ബയോഫാർമസി, നഴ്സറി എന്നിവ തുടങ്ങുന്നതിന് ധനസഹായം നൽകുന്നുണ്ട്. കൂടാതെ മൂന്ന് ചക്ര വാഹനങ്ങൾ, മറ്റ് ആവശ്യമായ യന്ത്രോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും സഹായം ലഭ്യമാക്കിയിട്ടുണ്ട്. സൗകര്യങ്ങൾ ലഭ്യമായ അഗ്രോ സർവ്വീസ് കേന്ദ്രങ്ങളിൽ സോയിൽ ടെസ്റ്റിംഗ് ലാബുകൾ ആരംഭിക്കുന്നതിന് 9.5 ലക്ഷം രൂപ (ഒരു ലാബിന്) ലഭ്യമാണ്. നിലവിൽ കുത്തുപറമ്പ്, കോതമംഗലം, പഴയന്നൂർ എന്നീ അഗ്രോ സർവ്വീസ് കേന്ദ്രങ്ങളിൽ സോയിൽ ടെസ്റ്റിംഗ് ലാബുകൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly